6081

പ്രേഷിത

വിദ്യാഭ്യാസ ഉപ ഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും,
എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും.

സർ,

വിഷയം : വിദ്യാഭ്യാസ സംരക്ഷണ യജ്ഞം - മാസ്റ്റർ പ്ളാൻ - സംബന്ധിച്ച്.

സൂചന : 1) 12-06-2017-ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ വീഡിയോ കോൺഫറൻസ്.
2) 20-06-2017-ലെ കൺവെർജൻസ് മീറ്റിംഗ്
3) 22-06-2017 ഡയറ്റിൽവെച്ച് നടന്ന ഏകദിന ശിൽപശാല.

A5
6/7/17

മേൽ സൂചന പ്രകാരം സ്ക്കൂൾ മാസ്റ്റർ പ്ളാനുകൾ ഇതിനകം തയ്യാറായിക്കാണുമെന്ന് വിശ്വസിക്കുന്നു. തയ്യാറായ സ്ക്കൂൾ മാസ്റ്റർ പ്ളാനുകൾ അതത് ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ശേഖരിച്ച് വെക്കേണ്ടതാണ്. ജൂലയ് 15നകം സ്റ്റാഫ്-ഫിക്സേഷൻ നടത്തേണ്ടതിനാൽ ജൂലയ് 15ന് ശേഷം നിയോജകമണ്ഡലതല മാസ്റ്റർ പ്ളാൻ ക്രോഡീകരണം ജൂലയ് 15ന് ശേഷം നടത്തേണ്ടതാണ്. ജൂലയ് 15-ന് ശേഷം നിയോജക മണ്ഡലതല ക്രോഡീകരണം നടക്കുന്നുണ്ടെന്ന് അതത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ ഉപ ജില്ല വിദ്യാഭ്യാസ ആഫീസർമാർക്ക് വിവരം കൊടുക്കുകയും മോണിട്ടർ ചെയ്യേണ്ടതുമാണ്. ഇതിനായി എം.എൽ.എ. മാർക്കുള്ള കത്ത് ബഹുമാനപ്പെട്ട കളക്ടർ അയക്കുന്നതാണ്. അതത് ഡയറ്റ് ഫാക്കൽറ്റികളുടെ സേവനം ഉപ ജില്ല വിദ്യാഭ്യാസ ആഫീസർമാർ ഉപയോഗപ്പെടുത്തേണ്ടതാണ്. മാസ്റ്റർ പ്ളാൻ സംബന്ധിച്ച സാക്ഷ്യപത്രം താഴെ പറയുന്ന ഫോർമാറ്റിൽ ഒപ്പിട്ട് 10-07-2017 5 മണിയ്ക്ക് മുൻപ് ഈ ആഫീസിൽ എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർമാരും എത്തിക്കേണ്ടതാണ്.

6/7/17

തൃശ്ശൂർ,
06-07-2017

വിശ്വസ്തതയോടെ

വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശ്ശൂർ.

## സാക്ഷ്യ പത്രം

എന്റെ പരിധയിലുള്ള എല്ലാ സ്ക്കൂളുകളുടെയും മാസ്റ്റർ പ്ളാൻ തയ്യാറാക്കി എനിക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് ഇതിനാൽ സക്ഷ്യപ്പെടുത്തുന്നു. (പരിധയിലുള്ള ഹൈസ്ക്കൂളുകൾ ഉൾപ്പടെ)

| ക്രമ നം. | | എൽ.പി. | യു.പി. | ഹൈസ്ക്കൂൾ |
|---|---|---|---|---|
| 1 | എയ്ഡഡ് സ്ക്കൂൾ | | | |
| 2 | സർക്കാർ സ്ക്കൂൾ | | | |
| | മൊത്തം സ്ക്കൂളുകളുടെ എണ്ണം | | | |

A5/6081/2017 Dt 14/7/17

സ്ഥലം :
തിയ്യതി :

ജില്ലാ വിദ്യാഭ്യാസ ആഫീസർ/
ഉപ ജില്ല വിദ്യാഭ്യാസ ആഫീസർ.

14/7/17